# എം ഐ തങ്ങളുടെ രചനകൾ

admin



ന്യൂനപക്ഷ രാഷ്ട്രീയ സൈദ്ധാന്തികൻ എം ഐ തങ്ങളുടെ പ്രധാന കൃതികളെ പരിചയപ്പെടാം.

**ന്യൂനപക്ഷ രാഷ്ട്രീയം: ദർശനവും ദൗത്യവും**




അര നൂറ്റാണ്ടിന്റെ രാഷ്ട്രീയാനുഭവങ്ങളിൽ നിന്നും രൂപപ്പെട്ട

ഗ്രന്ഥമാണിത്. കേരളീയ സമൂഹത്തിൽ നിന്ന് ഉയർന്ന് കാതലായ മുഴുവൻ മുസ്‌ലിം ലീഗ് വിമർശനങ്ങൾക്കും താത്വികമായ മറുപടികൾ പുസ്തകം നൽകുന്നുണ്ട്. സർ സയ്യിദ് അഹമ്മദ് ഖാന്റെ വിദ്യാഭ്യാസ ചിന്തകളിൽ നിന്നും ആരംഭിച്ച് അനേകം വികാസപരിണാമങ്ങളിലൂടെയാണ് ഇന്നത്തെ ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് യാഥാർഥ്യമായിരിക്കുന്നത്. ഭരണഘടനാ ധാർമ്മികത, ജനാധിപത്യ സാധ്യതകൾ എന്നിവയിൽ ഊന്നിയാണ് മുസ്ലിം ലീഗ് നിലകൊള്ളുന്നത്. ഒരു സമുദായം എന്ന നിലയിൽ ചരിത്രപരവും, വിശ്വാസപരവും, സാംസ്കാരികവുമായ സ്വത്വങ്ങൾ ഇന്ത്യൻ മുസ്‌ലിംകൾക്കുണ്ട്. മുസ്‌ലിം ഐഡന്റിറ്റിയെ ഉയർത്തിപ്പിടിക്കുന്ന മുസ്‌ലിം ലീഗിന്റെ പ്രത്യയശാസ്ത്രം സ്വത്വരാഷ്ട്രീയത്തിൽ നിന്നും മതരാഷ്ട്രീയത്തിൽ നിന്നും ഭിന്നമായി ന്യൂനപക്ഷ രാഷ്ട്രീയമാണ് മുന്നോട്ട് വെക്കുന്നത്.
ഫ്രഞ്ച് വിപ്ലവം മുതൽ ജനാധിപത്യത്തിലെ ന്യൂനപക്ഷത്തിന്റെ പ്രതിനിധാനത്തെ കുറിച്ചുള്ള ചോദ്യങ്ങൾ ഉയർന്നിട്ടുണ്ട്. ലോകത്താകമാനം ജനാധിപത്യസമൂഹങ്ങളിൽ ന്യൂനപക്ഷത്തിന്റെ രാഷ്ട്രീയ സാധ്യതകളെ കുറിച്ചുള്ള അന്വേഷണങ്ങൾ തുടരുകയാണ്. ഈ ചോദ്യത്തിന് ലോകത്തിന് മുന്നിൽ വെക്കാനുള്ള മികച്ച മറുപടിയാണ് മുസ്‌ലിം ലീഗ്.

രാഷ്ട്രീയ തത്വചിന്തകളിലും, ഇസ്ലാമിക വിജ്ഞാനീയങ്ങളിലുമുള്ള ആഴത്തിലുള്ള അറിവും, വിശകലനശേഷിയും ഈ പുസ്തകത്തെ കൂടുതൽ പ്രാമാണികമാക്കുന്നു. മുസ്‌ലിം ലീഗിന് ബദൽ സൃഷ്ടിക്കാൻ വന്ന കക്ഷികൾ ലീഗിന്റെ പ്രത്യയശാസ്ത്രത്തിൽ നിന്നും വേറിട്ട ആശയവും നിലപാടും ഇല്ലാതെ അപ്രസക്തമാകുന്നതിന്റെ രസതന്ത്രവും പുസ്തകം ചർച്ച ചെയ്യുന്നുണ്ട്. വിഭജനം,


വർഗ്ഗീയത, ഫാസിസം, തീവ്രവാദം, ഇസ്‌ലാമിസം തുടങ്ങിയവയോടുള്ള മുസ്‌ലിം ലീഗിന്റെ സമീപനം ഗ്രന്ഥം വിശദീകരിക്കുന്നു.

എവിടെയെങ്കിലും പ്രശ്നമുണ്ടായാൽ സമാധാനത്തോടെ മുസ്ലിംകൾ ജീവിക്കുന്ന പ്രദേശങ്ങളിലെ സമാധാനം കൂടി തകർക്കണമെന്ന ചിന്ത സമുദായസ്നേഹത്തിൽ നിന്ന് ഉണ്ടാകുന്നതല്ല. പുറത്തുണ്ടാകുന്ന പ്രശ്നങ്ങളുടെ പേരിൽ സമാധാനം ഉള്ള ഇടങ്ങൾ കൂടി കലാപബാധയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നവർ സമുദായത്തിന് നന്മ ആഗ്രഹിക്കുന്നവരല്ല. പ്രശ്നബാധിത പ്രദേശത്തെ സഹോദരൻമാർക്ക് എന്തെങ്കിലും സഹായം ചെയ്യാൻ സാധിക്കണമെങ്കിൽ സമാധാനം ഉള്ള സ്ഥലങ്ങളിൽ സമാധാനം തുടർന്നും നിലനിൽക്കണം. അവർ കഷ്ടപ്പെടുമ്പോൾ നിങ്ങളങ്ങനെ സുഖിക്കേണ്ട എന്ന ചിന്താഗതി മനോരോഗത്തിന്റെ ലക്ഷണമാണ്.
ബാബരി മസ്ജിദിന്റെ തകർച്ചക്ക് ശേഷം മുസ്‌ലിം ലീഗിനെ തകർക്കാനിറങ്ങിയ സമുദായത്തിന് അകത്തുള്ളവർ കേവലം മനോരോഗികളാണെന്ന് എം ഐ തങ്ങൾ നിരീക്ഷിച്ചു. സമുദായസ്നേഹത്തിന്റെ ലേബലൊട്ടിച്ച് സമുദായദ്രോഹത്തിന്റെ നഗ്നമായ അഴിഞ്ഞാട്ടമാണ് നടക്കുന്നതെന്ന് പറയാൻ എം ഐ തങ്ങൾക്ക് മടിയുണ്ടായില്ല. സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിൽ ഈ നിരീക്ഷണങ്ങൾക്ക് പ്രസക്തിയേറുകയാണ്. 'ന്യൂനപക്ഷ രാഷ്ട്രീയം: ദർശനവും ദൗത്യവും' ഇന്ത്യയിൽ ആകമാനമുള്ള മുസ്‌ലിം ആക്ടിവിസ്റ്റുകൾ നിർബന്ധമായും വായിച്ചിരിക്കേണ്ട ഗ്രന്ഥമാണ്.

**സർ സയ്യിദ് അഹമ്മദ് ഖാൻ**

ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ പരാജയത്തിൽ നിന്ന്

മുസ്ലിംകൾ പാഠം ഉൾക്കൊള്ളണമെന്ന പ്രായോഗിക ബുദ്ധി ഇന്ത്യൻ മുസ്ലിംകൾക്ക് ചൊല്ലിക്കൊടുത്ത ക്രാന്തദർശിയാണ് സർ സയ്യിദ് അഹമ്മദ് ഖാൻ. അലിഗർ മുസ്ലിം സർവ്വകലാശാലയുടെ സ്ഥാപകൻ എന്ന നിലയിലാണ് സർ സയ്യിദിനെ ലോകം അറിയുന്നത്. ചരിത്രം, മതം, രാഷ്ട്രീയം, നിയമം എന്നിവയിലായി 29 പുസ്തകങ്ങളുടെ രചയിതാവാണ് അദ്ദേഹം. തൊഴിൽപരമായി ന്യായാധിപനുമായിരുന്നു.




സർ സയ്യിദിന്റെ ജീവിതം വിശദമായി പ്രതിപാദിക്കുന്ന

ഗ്രന്ഥമാണ് എം ഐ തങ്ങൾ രചിച്ച 'സർ സയ്യിദ് അഹമ്മദ് ഖാൻ'. മുസ്‌ലിം സമുദായത്തോടും, ഇന്ത്യൻ ജനതയോടുമുള്ള പ്രണയാതുരമായ അഭിനിവേശം സമ്പൂർണ്ണ പ്രഭാവത്തോടെ സർ സയ്യിദിന്റെ ജീവിതത്തിൽ തെളിഞ്ഞു കാണാം. ഇസ്‌ലാമിക മതപ്രമാണ വായനയിൽ ഷാ വലിയുള്ളയുടെ പാതയോട് ആഭിമുഖ്യം പുലർത്തുകയും, ഭിന്നാഭിപ്രായങ്ങളോട് സഹിഷ്ണുതപുലർത്തുകയും ചെയ്ത മതവീക്ഷണമായിരുന്നു സർ സയ്യിദ് സ്വീകരിച്ചത്. സർ സയ്യിദിന്റെ നവോത്ഥാന കാഴ്ചപ്പാടുകളോടും, രാഷ്ട്രീയ വീക്ഷണത്തോടും ചേർന്നു നിൽക്കുന്നയാളാണ് ഗ്രന്ഥകാരൻ. അതിനാൽ തന്നെ വൈകാരികമായ അടുപ്പം രചനയിൽ നിറഞ്ഞു നിൽക്കുന്നു.

സർ സയ്യിദിന്റെ കുടുംബ പ്ശ്ചാത്തലം, ന്യായാധിപൻ എന്ന നിലയിലും എഴുത്തുകാരൻ എന്ന നിലയിലുമുള്ള ജീവിതം എന്നിവ പുസ്തകം വിശദമായി പ്രതിപാദിക്കുന്നു. അലിഗർ മുസ്‌ലിം സർവ്വകലാശാലയുടെ ആദ്യരൂപമായ മദ്രസത്തുൽ ഉലൂം അലീഗഡ് സ്ഥാപിക്കാൻ നടത്തിയ ശ്രമവും, കോളെജിന്റെ വളർച്ചയും പുസ്തകം ചർച്ച ചെയ്യുന്നു. സർ സയ്യിദിന്റെ വിദ്യാഭ്യാസ ദർശനം, രാഷ്ട്രീയം, കോൺഗ്രസിനോടുള്ള വിയോജിപ്പുകൾ, നവോത്ഥാന കാഴ്ചപ്പാടുകൾ എന്നിവ 13 അധ്യായങ്ങളുള്ള പുസ്തകത്തിൽ ചർച്ച ചെയ്യുന്നു.

'സർ സയ്യിദിന്റെ വിശ്വാസ പ്രമാണമായ ഇസ്‌ലാം മതത്തിൽ വിശ്വസിക്കുന്ന നിങ്ങളോട് എനിക്കിനി ഒന്നേ പറയാനുള്ളൂ. നിങ്ങളുടെ സജലങ്ങളായ കണ്ണുകൾ ആത്മാർഥമാണെങ്കിൽ തീർച്ചയായും തേങ്ങുന്നതിനെക്കാളും കരയുന്നതിനെക്കാളും ഉത്തമമായ ചിലത് നിങ്ങൾക്ക് ചെയ്യാനുണ്ട്. നിങ്ങളിന്നാർക്ക് വേണ്ടിയാണോ കണ്ണീരൊഴുക്കുന്നത്, ഓർക്കുക, ആ മനുഷ്യൻ കിടന്നു മരിക്കാൻ പോലും ഒരു കൂര ഇല്ലാതിരുന്ന പാവപ്പെട്ടവനായിരുന്നു. എന്നിട്ടും നിങ്ങൾക്ക് ഒരു നിധി

തന്നിട്ടാണ് അദ്ദേഹം പോയത്. അദ്ദേഹത്തിന്റെ പാരമ്പര്യം നിങ്ങൾക്ക് തന്നു പോയത് അതാണ്. മുൻവിധികൾക്കും, അജ്ഞതയ്ക്കുമെതിരെ നടത്തേണ്ട മഹത്തായ യുദ്ധമാണത്. നിങ്ങൾക്ക് മാത്രമേ തകർന്നു പോയ നിങ്ങളുടെ സമുദായത്തെ ഉണർത്താനും ജീവിതത്തിലെ ബാധ്യത ഏറ്റെടുക്കാൻ അവരെ സജ്ജമാക്കാനും സാധിക്കൂ. ഈ മനുഷ്യൻ അനുകരണത്തിനായി ഒരു മാതൃക വിട്ടു പോയിരിക്കുന്നു. അത് പിന്തുടർന്നാൽ നിങ്ങളും നിങ്ങളുടെ ഭാവി തലമുറകളും ലോകത്തുള്ള മുഴുവൻ നിധിശേഖരങ്ങളുടെയും യജമാനന്മാരായി തീരും.' (മൗലാനാ അൽതാഫ് ഹുസൈൻ ഹാലി, ഹയാതെ ജാവീദ്.)

**സ്വാതന്ത്ര്യ സമരത്തിൽ മുസ്‌ലിം സമുദായം**

ബ്രിട്ടീഷുകാർ ഇന്ത്യയുടെ ഭരണം മുസ്ലിംകളിൽ നിന്നാണ് പിടിച്ചെടുത്തത്. 1757ലെ പ്ലാസി യുദ്ധത്തിന് ശേഷം ബംഗാളിലും ഉത്തരേന്ത്യയിലും നടന്ന യുദ്ധങ്ങളിൽ മിക്കതിലും ബ്രിട്ടീഷുകാർക്കെതിരെ അണി നിരന്നത് മുസ്‌ലിംകളായിരുന്നു. ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷുകാർക്ക് ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നത് ടിപ്പു സുൽത്താൻ, ഹൈദരലി എന്നിവരിൽ നിന്നായിരുന്നു. ഫറാഇസി പ്രസ്ഥാനം, ത്വരീഖത്ത് മുഹമ്മദിയ്യ, വഹാബി പ്രസ്ഥാനം എന്നിങ്ങനെ മുസ്‌ലിംകളുടെ ബ്രിട്ടീഷ് വിരുദ്ധ പ്രസ്ഥാനങ്ങൾ രാജ്യത്ത് വളർന്ന് വന്നു. എന്നാൽ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ഏറ്റ കനത്ത തിരിച്ചടി സമുദായത്തിനകത്ത് വ്യത്യസ്തങ്ങളായ ചിന്തകൾക്ക് തുടക്കം കുറിച്ചു. സർ സയ്യിദ് അഹമ്മദ് ഖാന്റെ ചിന്തകളുടെ പ്രസക്തി അവിടെയാണ്. മലബാറിലെ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങളുടെ ചരിത്രവും, രാഷ്ട്രീയവും വേറിട്ട പഠനം ആവശ്യപ്പെടുന്നുണ്ട്. ദേശീയത, സ്വാതന്ത്ര്യസമരം എന്നിവയെ

മുസ്‌ലിം കാഴ്ചപ്പാടിൽ നോക്കിക്കാണുന്ന ലേഖനങ്ങളുടെ സമാഹാരമാണ് സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിം സമുദായം'.

വർഗ്ഗീയത, മതരാഷ്ട്രവാദം, തീവ്രവാദം എന്നിവ സ്വാതന്ത്ര്യാനന്തര കാലത്ത് ഇന്ത്യയിൽ പ്രകടമായി വന്നു. ഇതിനെതിരെ ഓരോ സമയത്തും എം ഐ തങ്ങൾ നടത്തിയ രചനകൾ പുസ്തകത്തിൽ എടുത്തു ചേർത്തിട്ടുണ്ട്. മുസ്‌ലിം ലീഗിന്റെ ദേശീയ കാഴ്ചപ്പാടുകൾ, പാർട്ടിയുടെ രാഷ്ട്രീയ പ്രസക്തി എന്നിവ വിവരിക്കുന്ന ലേഖനങ്ങൾ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പുസ്തകത്തിന്റെ അവസാന ഭാഗത്ത് സാമുദായിക നവോത്ഥാന പ്രസ്ഥാനങ്ങളെ കുറിച്ചുള്ള എം ഐ തങ്ങളുടെ നിരീക്ഷണങ്ങളാണ് ഉള്ളത്.

പ്രക്ഷോഭകാലത്ത് വായിച്ചിരിക്കേണ്ട ഗ്രന്ഥമാണ് 'സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിം സമുദായം'. മുസ്‌ലിംകളുടെ പൊതുവായ നിരാശാബോധത്തെ മറികടക്കാൻ രാജ്യത്തെ ഭരണഘടനയോടെ ഭരണാധികാരികൾ കൂറ് കാണിക്കണമെന്നതടക്കമുള്ള പ്രസക്തമായ നിരീക്ഷണങ്ങളാണ് പുസ്തകം മുന്നോട്ട് വെക്കുന്നത്.

**സംഘബോധത്തിന്റെ ഹരിതസാക്ഷ്യങ്ങൾ**




എം ഐ തങ്ങളുടെ 31 ലേഖനങ്ങളുടെ സമാഹാരം. എം സി വടകരയുടെ അവതാരിക. സി പി സൈതലവിയുടെ പഠനം.

1980ലെ ഭാഷാ സമരം, മുസ്‌ലിം ലീഗ് വിരുദ്ധ മതരാഷ്ട്രവാദികൾക്ക് നൽകിയ മറുപടികൾ, ഇന്ദിരാ കാലത്തെ ദേശീയ രാഷ്ട്രീയം തുടങ്ങിയ വ്യത്യസ്തമായ വിഷയങ്ങൾ പുസ്തകം ഉൾക്കൊള്ളുന്നു. മുസ്‌ലിം ഐക്യം, ഇസ്‌ലാമിക സൗന്ദര്യശാസ്ത്രം, ഇസ്‌ലാമിലെ സ്ത്രീപക്ഷം തുടങ്ങിയ വൈവിധ്യ വിഷയങ്ങളിൽ എം ഐ തങ്ങളുടെ നിരീക്ഷങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

യശപ്രാർഥിയാവാതെ, ആർത്ഥിക പ്രലോഭനങ്ങൾക്ക് വശംവദനാകാതെ, സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ച് നാണം കെട്ട് നടക്കാതെ ലക്ഷ്യം മാത്രം മുന്നിൽ കണ്ട് കൊണ്ട് അദ്ദേഹം എഴുതി. മിഴിനീരിലിട്ട് മുക്കി ഉരുക്കിയെടുത്ത തീവ്രമായ ജീവിതാനുഭവങ്ങൾ ആ എഴുത്തിന് മിഴിവേകി. ആഗാധമായ പാണ്ഡിത്യം ആ അക്ഷരങ്ങൾക്ക് അഴക് വർധിപ്പിക്കുകയും ചെയ്തു.

കസവുകൾ തുന്നിപ്പിടിപ്പിക്കാത്ത, ഉള്ളുറപ്പുള്ള സരളമായ ഒരു ഗദ്യശൈലി എം ഐ തങ്ങളുടെ കൈവശമുണ്ടായിരുന്നു. ഈ സിദ്ധിവിശേഷം നിർലോഭം കളിയാടി നിൽക്കുന്ന കനപ്പെട്ട ഉപന്യാസങ്ങളുടെ സമാഹാരമാണ് 'സംഘബോധത്തിന്റെ ഹരിതസാക്ഷ്യങ്ങൾ എന്ന ഗ്രന്ഥം.

പ്രസാധനം: ഗ്രെയ്സ് ബുക്സ്, കാലിക്കറ്റ് യൂനിവാഴ്സിറ്റി

കൂടുതൽ വിവരങ്ങൾക്ക്: www.mappilaheritagelibrary.com